## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 361</u> <u>03.02.2014-ലെ മറുപടിക്ക്</u>

## എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സ്വകാര്യ കോളേജുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. ആർ. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2014 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ ; അതിന്റെ വിശദാംശം അറിയിക്കുമോ ; | (എ) 2014 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി സർക്കാർ ഇതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| (ബി) അഡ്മിഷൻ തേടുന്ന വിദ്യാർത്ഥികളെ കരാറിലെ വ്യവസ്ഥകൾ പ്രോസ്പെക്ടസ് വഴി അറിയിക്കാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ; | (ബി) 2014 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി സർക്കാർ ഇതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാലാണ് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ കരാറിലെ വ്യവസ്ഥകൾ ഉൾപ്പെടുത്താതിരുന്നത്. |
| (സി) കഴിഞ്ഞ വർഷം പൊതുപരീക്ഷയിൽ നിന്നും വിട്ടുനിന്ന് സ്വന്തം നിലയിൽ പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിലേയ്ക്കും, 2014-ൽ സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന് പ്രഖ്യാപിച്ച കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള കോളേജുകളിലേയ്ക്കുമുള്ള പ്രവേശനം. | (സി) 2014-ലെ പ്രോസ്പെക്ടസിലെ വകുപ്പ് 1.7 പ്രകാരം സ്വകാര്യ സ്വാശ്രയ കോളേജുകളിലെ അലോട്ട്മെന്റ് പ്രത്യേകമായി നോട്ടിഫൈ ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി കരാർ ഉണ്ടാക്കുന്ന മുറയ്ക്ക് പ്രസ്തുത കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി അലോട്ട്മെന്റ് നടപടികൾ |

| | |
|---|---|
| വ്യവസ്ഥകൾ വ്യക്തമാക്കാതെ സർക്കാർ. പൊതുപ്രവേശന പരീക്ഷ വഴിയായിരിക്കുമെന്ന് പ്രോസ്പെക്ടസിൽ കാണിച്ചിരിക്കുന്നത്, ഇവർക്ക് വിലപേശൽ നടത്തുവാൻ അവസരമൊരുക്കാനാണെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | ആരംഭിക്കുന്നതാണ്. കഴിഞ്ഞ അദ്ധ്യായനവർഷം പൊതു പ്രവേശന പരീക്ഷയിൽ നിന്ന് വിട്ടുനിന്ന് സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയ കരുണാ മെഡിക്കൽ കോളേജ് പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ് കണ്ണൂർ എന്നീ സ്ഥാപനങ്ങളെ 2014-ലെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടില്ല. കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് പ്രസ്തുത മാനേജുമെന്റുകളുമായി സർക്കാർ ചർച്ചകൾ നടത്തിവരുകയാണ്. ഈ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തുമെന്നതു സംബന്ധിച്ച് സർക്കാരിന് ഒരറിയിപ്പും ലഭിച്ചിട്ടില്ല. |
| (ഡി) പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള എം.ഇ.എസ്. മാനേജ്മെന്റ് സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (ഡി) എം.ഇ.എസ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന് സർക്കാരിനെ അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ